# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2166** | **04/11/2019-ൽ മറുപടിക്ക്**

## നിപ വൈറസ് ബാധ തടയുന്നതിനുവേണ്ടി പദ്ധതികൾ

**ചോദ്യം**

**ശ്രീ.തോമസ് ചാണ്ടി**

എ) കേരളത്തിൽ നിപ വൈറസ് ബാധ ഈ വർഷവും സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രസ്തുത വൈറസിന്റെ കാഠിന്യം കണക്കിലെടുത്ത് ഇത് തടയുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) 2018-ൽ നിപ വൈറസ് ബാധ ഉണ്ടായതിനുശേഷം 2019-ലെ "ആരോഗ്യജാഗ്രത" എന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയിൽ ഈ രോഗത്തിനെതിരെ പ്രതിരോധ-ബോധവത്കരണ പരിപാടികളും ആശുപത്രികളിൽ അണുനശീകരണ പ്രവർത്തനങ്ങളും പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരികയായിരുന്നു. മാത്രമല്ല നിപാ വൈറസ് പരത്തുന്ന വവ്വാലുകളുടെ പ്രജനന സമയത്ത് വേണ്ട ജാഗ്രത പുലർത്തുവാനും രോഗനിരീക്ഷണം കാര്യക്ഷമമാക്കുവാനും ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. നിപ പ്രതിരോധ നിയന്ത്രണങ്ങൾക്കുള്ള മാർഗ്ഗരേഖകളും എല്ലാ ജില്ലകൾക്കും ലഭ്യമാക്കിയിരുന്നു.

2019-ൽ ഒരാൾക്ക് ഈ രോഗം വീണ്ടും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ മെഡിക്കൽ കോളേജുകളിൽ നിപ സംശയിക്കുന്നവർക്ക് പ്രത്യേകം ഐസൊലേഷൻ വാർഡ് സജ്ജീകരിക്കുവാൻ നിർദ്ദേശിച്ചു. അണുനശീകരണ പ്രവർത്തനങ്ങളും മാലിന്യ നിർമ്മാർജ്ജനവും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളും ഊർജ്ജിതപ്പെടുത്തി. സംസ്ഥാന ദ്രുത കർമ്മസേനാ യോഗം ചേർന്ന് ചികിത്സാ മാർഗ്ഗരേഖയിൽ ആവശ്യമായ മാറ്റം വരുത്തി ഡി.എം.ഒ.മാർക്കും മെഡിക്കൽ കോളേജുകൾക്കും ലഭ്യമാക്കി. വിദഗ്ധ ഗവേഷണ കേന്ദ്രങ്ങളുടെയും വിവിധ വകുപ്പുകളുടെയും പങ്കാളിത്തവും ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ മരുന്നിന്റെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. നിപ പ്രതിരോധിക്കുന്നതിന് പൊതു-

→

ജനങ്ങൾക്കാവശ്യമായ ബോധവത്കരണ സന്ദേശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റ് വഴിയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും പത്ര ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ